ചീമേനി ചന്തേര പോലീസ് സ്റ്റേഷനുകൾക്ക് ക്വാർട്ടേഴ്സ്

50 (85)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചീമേനി, ചന്തേര പോലീസ് സ്റ്റേഷനുകളിൽ പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

നിർദ്ദേശം പരിഗണനയിലുണ്ട്. ധനലഭ്യതയനുസരിച്ച് ഉചിതമായ നട പടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി

51 (86)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി യുടെ ചികിത്സാ ധനസഹായനിധിയിൽ നിന്നും എന്ത് തുക അനുവദിച്ചു;

(ബി) ചികിത്സാ ധനസഹായം അനുവദിക്കണമെന്ന് കാണിച്ച് കായം കുളം എം.എൽ.എ. മുഖേന നൽകിയ അപേക്ഷകൾ എത്ര; അതിൽ അനുവ ദിച്ചത് എത്ര; ഇനി അനുവദിക്കാനുള്ളത് എത്ര;

(സി) ഇനി ചികിത്സാ സഹായം അനുവദിക്കുവാനുള്ള അപേക്ഷക ളിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ചികിത്സാ ധനസഹായം അനുവദിച്ച മാസങ്ങൾ പിന്നിട്ടിട്ടും അർഹരായ പലർക്കും പണം യഥാസമയം ലഭ്യമാക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് അടിയന്തിര നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി യുടെ ദുരിതാശ്വാസനിധിയിൽ നിന്നും 6,67,68.735 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി)&(സി) എം.എൽ.എ. മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേകം രജിസ്റ്റർ ചെയ്യാത്തതുകൊണ്ട് ഇതിന്റെ വിശദവിവരം നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ ധനസഹായം അനുവദിക്കുവാൻ ഉണ്ടെ ങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(ഡി)-(ഇ) ഉണ്ട്. ധനസഹായം യഥാസമയം നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നെടുമ്പാശ്ശേരി അന്തരാഷ്ട്ര വിമാനത്താവളത്തിലെ നിയമനങ്ങൾ

52 (92)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവള കമ്പിനിയിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സംവരണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പട്ടികവിഭാഗക്കാർക്ക് അർഹമായ പത്ത് ശതമാനം ജോലി എല്ലാ കാറ്റഗറികളിലും നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) കമ്പനിയിൽ സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമുള്ള ഓഹരികൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പനിയിൽ നിയമനം ലഭിച്ചിട്ടുള്ള ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും മറ്റു വർക്കർമാരുടെയും എണ്ണം കാറ്റഗറി അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ഇ) ഭൂമി ഏറ്റെടുത്തപ്പോൾ ജോലി ലഭിച്ചിട്ടുള്ള പട്ടിക വിഭാഗക്കാർ ഒഴികെ, സംവരണാടിസ്ഥാനത്തിൽ പട്ടിക വിഭാഗക്കാർക്ക് ജോലി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്?

ഉത്തരം

(എ) 29-9-97-ലെ സർക്കാർ ഉത്തരവ് ജി.ഉ.(എം.എസ്) 92/97/പി.ഡബ്ള്യൂ. ആന്റ് ടി. പ്രകാരം സി.ഐ.എ.എൽ.ലിലെ സർക്കാരിന്റെ മൂലധന നിക്ഷേപം 51% ആയിട്ടുണ്ടെങ്കിലും ഇതുവരെ നൽകിയ തുക 51% തികയാത്തതിനാൽ സംവരണ നിയമങ്ങൾ കൃത്യമായും പാലിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) സർക്കാർ നിക്ഷേപം 51% ആക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(സി) സർക്കാർ - 26.95 കോടി

പൊതുമേഖലാ സ്ഥാപനങ്ങൾ-19.35 കോടി

സ്വകാര്യ വ്യക്തികൾ-30.23 കോടി

(ഡി) പട്ടികയിൽ കൊടുത്തിട്ടുണ്ട്.†

(ഇ) മറുപടി പിന്നാലെ നൽകുന്നതാണ്.

നെടുമ്പാശ്ശേരി അന്തരാഷ്ട്ര വിമാനത്താവളം

53 (93)പ്രൊഫ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്തരാഷ്ട്ര വിമാനത്താളത്തിൽ എന്ത് തുക നാളിതുവരെയായി സംസ്ഥാന സർക്കാർ ഷെയർ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ സ്വകാര്യ വ്യക്തികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എന്ത് തുകയുടെ ഷെയർ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ 25,000 രൂപയ്ക്ക് മുകളിൽ ഷെയർ ഉള്ളവരുടെ പേരുവിവരം ലഭ്യമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly